**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3016** **25-06-2024 - ൽ മറുപടിയ്ക്ക്**

**അമൃത് കുടിവെള്ള പദ്ധതി പ്രകാരം മുക്കം നഗരസഭയ്ക്ക് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് കുടിവെള്ള പദ്ധതി പ്രകാരം മുക്കം നഗരസഭയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; | (എ) | മുക്കം നഗരസഭയ്ക്ക് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 12.44 കോടി രൂപക്കു ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഇതിൽ 15254 മീറ്റർ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും, 2710 എണ്ണം ഗാർഹിക ടാപ്പ് കണക്ഷനും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 1764.8 മീറ്റർ, 160mm HDPE പൈപ്പ് സ്ഥാപിക്കുകയും, 34 കണക്ഷൻ HTC ആയി നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്നും എത്ര തുകയുടേതാണെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 18LL ഉപരിതല ടാങ്ക് നിർമ്മാണവും അനുബന്ധ പ്രവർത്തികൾക്കുമായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 5.775 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായി SMMU (സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത്) വിലേക്കു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ